Mobile/ Whatsapp: +9194959 98258
Website:http://www.kwa.kerala.gov.in

Tel: 0471 2738300
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/HO/RMC/R2/1044/2020

തീയതി: 23.12.2022

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി- 2023 ലെ ബി.പി.എൽ ആനുകൂല്യത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 11/02/2009-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ KWA /HO/RMC/02/2009.

കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ 15 KL-ൽ താഴെ പ്രതിമാസ ഉപഭോഗം ഉള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് സൗജന്യമായാണ് കുടിവെള്ളം നൽകിവരുന്നത്. സൂചനയിലെ ഉത്തരവ് പ്രകാരം പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് എല്ലാ വർഷവും ജനുവരി 31 ന് മുമ്പ് ഉപഭോക്താക്കൾ അപേക്ഷകൾ പുതുക്കി നൽകേണ്ടതാണ്. എന്നാൽ അവർ BPL വിഭാഗത്തിൽ പെട്ടയാളാണോ എന്ന് ഉറപ്പു വരുത്തുന്നത് റേഷൻ കാർഡിൻറെ നിറം നോക്കിയും BPL എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും പരിശോധിച്ചാണ്. എന്നാൽ National Food Security Act, 2013 നടപ്പിലാക്കിയതിനെ തുടർന്ന് BPL/APL എന്നീ പേരുകളിൽ അല്ല റേഷൻ കാർഡ് വിഭാഗങ്ങളെ തരം തിരിക്കുന്നത്. മറിച്ച് നേരത്തെ ഉള്ള BPL കാർഡുകൾക്ക് സമാനമായ ആനുകൂല്യമുള്ള റേഷൻകാർഡുകൾ മുൻഗണന (priority-പിങ്ക് നിറം) അന്ത്യോദയ അന്ന യോജന (AAY-മഞ്ഞ നിറം) എന്നീ രണ്ട് വിഭാഗങ്ങളായിട്ടാണ് തരം തിരിച്ചിരിക്കുന്നത്.

ഇത്തരത്തിലുള്ള കാർഡുകൾ ഓരോ ദിവസവും update ചെയ്യപ്പെടും, ആയതിനാൽ സിവിൽ സപ്ലൈസ് വകുപ്പിൻറെ വെബ് പോർട്ടലായ https://civilsupplieskerala.gov.in ൽ ഉള്ള റേഷൻ കാർഡ് Details (https://etso.civilsupplieskerala.gov.in/index.php/c-checkrcard-details) എന്ന public link ൽ റേഷൻ കാർഡ് നമ്പർ കൊടുക്കുമ്പോൾ ടി കാർഡ് ഏതു വിഭാഗത്തിലാണ് എന്നും

Draft #6 of File KWA/HO/RMC/R2/1044/2020 Approved by Managing Director on 23-Dec-2022 11:57 AM - Page 1

കാർഡിലുള്ള അംഗങ്ങളുടെ പേരുകൾ എന്താണെന്നുമൊക്കെയുള്ള വിവരങ്ങൾ ലഭിക്കുന്നതാണ്. ആയതിനാൽ BPL വിഭാഗത്തിലുള്ള എല്ലാ കണക്ഷനുകളും പരിശോധിക്കുമ്പോൾ ഈ ലിങ്കിൽ കയറി ഉപഭോക്താവ് BPL വിഭാഗത്തിൽ പെടുന്നയാളാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ് . ടി വിഭാഗത്തിൽ പെടാത്ത എല്ലാ കണക്ഷനുകളും BPL ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. ഈ ലിങ്കുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ IT വിങ്ങ്മായി ബന്ധപെടുക (Phone no. 0471-2322155). പ്രസ്തുത ആനുകൂല്യം നൽകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1. നിലവിൽ ബി.പി.എൽ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്താക്കൾക്ക് അപേക്ഷകൾ പുതുക്കി സമർപ്പിക്കാനുള്ള തീയതി 01/01/2023 മുതൽ 31/03/2023 വരെ ആയിരിക്കും.
2. ബി.പി.എൽ ആനുകൂല്യത്തിനുള്ള അപേക്ഷയോടൊപ്പം റേഷൻ കാർഡിൻറെ പകർപ്പും ആധാർ കാർഡിൻറെ പകർപ്പ് കൂടി വാങ്ങേണ്ടതാണ്.
3. പ്രവർത്തനക്ഷമമായ മീറ്ററുകൾ ഉള്ള ബി.പി.എൽ ഉപഭോക്താക്കൾക്ക് മാത്രമേ പ്രസ്തുത ആനുകൂല്യം നൽകുവാൻ പാടുള്ളൂ. മേൽ പറഞ്ഞ കാര്യങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.
4. ബി.പി.എൽ ആനുകൂല്യം ലഭിക്കേണ്ട കണക്ഷനുകളിൽ കുടിശ്ശിക എന്തെങ്കിലും ഉണ്ടെങ്കിൽ ആയതു അടച്ചതിനു ശേഷം മാത്രമേ ടി ആനുകൂല്യം നല്കാവൂ.

മേൽ പറഞ്ഞ കാര്യങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

**വെങ്കടേസപതി എസ്., ഐ .എ .എസ്.**
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ്എൻജിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർമാർക്കും

പകർപ്പ്:-

PA TO MD /PA TO AM/PA TO TM/CE (OPERATIONS)/FM&CAO

Draft #6 of File KWA/HO/RMC/R2/1044/2020 Approved by Managing Director on 23-Dec-2022 11:57 AM - Page 2

The document is digitally approved. Hence signature is not needed.